*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രൊഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രൊഫസർ അനിൽകുമാർ നവംബർ 11, 2003**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 22D

**ആഗസ്റ്റ് 15, 2003**

## ''ആദിശങ്കരൻ ഭക്തിമാർഗവും പിന്തുടർന്നു''

''സ്വാമീ, ആദിശങ്കരനെക്കുറിച്ച്, എനിക്ക് ഒരു ചോദ്യമുണ്ട്.''

സ്വാമി തിരക്കി, ''എന്താണത്?''



''ആദിശങ്കരൻ അദ്വൈതത്തിനുവേണ്ടി നിലകൊള്ളുന്നയാളാണ്. അദ്വൈതം, ആ പുരാതന ജ്ഞാനത്തിൽ, ജ്ഞാനമാർഗത്തിൽ, വിവേകത്തിന്റെ വഴിയിൽ വിശ്വസിക്കുന്ന ഒരു തത്വചിന്താപദ്ധതിയാണ്. ഇത് ശരിയാണോ സ്വാമീ?''

ഭഗവാൻ ഉടനെ അരുളി, ''അതേ ആദിശങ്കരൻ ദേവിയെ കീർത്തിച്ച് നിരവധി കീർത്തനങ്ങളും സ്തോത്രങ്ങളും രചിച്ചിട്ടുണ്ട്. അതിനർത്ഥം എന്താണ്? അദ്ദേഹം ഭക്തിമാർഗവും പിന്തുടർന്നിരുന്നു. അതുകൊണ്ട്, ആദിശങ്കരൻ ജ്ഞാനത്തെ മാത്രമേ പിന്തുണച്ചുള്ളൂ എന്ന് പറയരുത്. അല്ല. അദ്ദേഹം ഭക്തിമാർഗവും പിന്തുടർന്നിരുന്നു. അദ്ദേഹമാണ് ഭക്തിതത്വങ്ങളെ ആധാരമാക്കിയുള്ള മനോഹരമായ വരികളായ ഭജഗോവിന്ദം രചിച്ചത്.''

അവസാനം അവിടുന്ന് അരുളി, ''നീയെന്തിനാണങ്ങിനെ തർക്കിക്കുന്നത്? ഒന്ന് മറ്റേതിന്റെ പൂരകമാണെന്ന് മനസ്സിലാക്കുക. അവയെല്ലാം അനുക്രമമാണ്. ഒരു ഇളം ഫലം സാവധാനം ഒരു പാകമാവാത്ത ഫലമായി വികസിക്കുന്നു. പാകമാവാത്ത ഫലം സാവധാനം പാകമായ പഴമാവുന്നു. അതുകൊണ്ട്, ഇന്നത്തെ പാകമായ ഫലം ഇന്നലെ പാകമെത്താത്തതായിരുന്നു. ഇന്നലത്തെ പാകമാവാത്ത ഫലം അതിനും മുമ്പ് ഇളം ഫലമായിരുന്നു.

അതുകൊണ്ട്, ഒന്ന് മറ്റൊന്നിലേക്ക് നയിക്കുന്നു. അത് പരസ്പരവിരുദ്ധമല്ല. അത് നിങ്ങൾ മനസ്സിലാക്കണം.'' ഭഗവാൻ ഇതാണ് അരുളിയത്.

## ''ത്യാഗരാജന് രാഗം ഇല്ലായിരുന്നു''

അപ്പോൾ, സാവധാനം, മ്യൂസിക് കോളജിലെ കുട്ടികൾ മുന്നിലേക്ക് നീങ്ങാനാരംഭിച്ചു. കൊച്ചുകുട്ടികളാണ്, നിങ്ങൾക്കറിയാം. മുൻനിരകളിലിരിക്കാൻ ആളുകൾ മത്സരമാണ്. അതുകൊണ്ട്, കുട്ടികൾ മുൻനിരയിലിരിക്കാൻ ചാടുകയാണ്. എനിക്കൊരു തോന്നലുണ്ടായി. ''എന്തുകൊണ്ട് സംഗീതത്തെക്കുറിച്ച് ഏതാനും ചോദ്യങ്ങൾ ചോദിച്ചുകൂടാ?''

സാവധാനം ഞാൻ പറഞ്ഞു, ''സ്വാമീ, സംഗീതത്തിന് രാഗം അഥവാ ട്യൂൺ വളരെ പ്രധാനമാണ്. ആന്ധ്രാപ്രദേശത്ത് വളരെ പ്രസിദ്ധരായ രണ്ട് സംഗീതകാരന്മാർ ഉണ്ടുതാനും.



ഒരാൾ ത്യാഗരാജനാണ്. മറ്റേ ഗാനരചയിതാവ് അന്നമാചാര്യരും. ഇവർ രണ്ടുപേരും ഈ ദേശത്തുകാരായ വലിയ വാഗ്ഗേയകാരന്മാരാണ്. സ്വാമീ, ഇവർ രണ്ടുപേരിൽ, ശ്രേഷ്ഠനായത് ആരാണ്?'' (*ചിരി*)

മനസ്സ്...എന്തു ചെയ്യാനാണ്? (*ചിരി*) കാര്യങ്ങളെ അതേപടി അംഗീകരിക്കുന്നതിന് മനസ്സ് ആഗ്രഹിക്കുന്നില്ല. അത് വിധിയെഴുതുന്നതിന് ആഗ്രഹിക്കുന്നു. അത് കണക്കുകൂട്ടുന്ന

തിന് ആഗ്രഹിക്കുന്നു. അത് നിരക്കിടുന്നതിന് ആഗ്രഹിക്കുന്നു. എന്റെ മനസ്സും ഇതിന് അപവാദമല്ല.''

ബാബ അരുളിച്ചെയ്തു, ''ത്യാഗരാജൻ തീർച്ചയായും അന്നമാചാര്യരേക്കാൾ ശ്രേഷ്ഠനാണ്.''



അന്നമാചാര്യ നാടകത്തിലെ രംഗം

''എന്തുകൊണ്ട് സ്വാമീ?''

ദയവായി ഞാൻ പറയുന്നത് ശ്രദ്ധിച്ചാലും, സംസ്കൃതത്തിൽ ട്യൂൺ എന്നതിന് 'രാഗം' എന്നാണ് പറയുക. പക്ഷേ, ഈ സംസ്കൃതപദമായ രാഗത്തിന് മറ്റൊരു അർത്ഥംകൂടിയുണ്ട്, ''ബന്ധനം.'' അതിനാൽ, രാഗത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. ഒന്ന് ട്യൂൺ, മറ്റേത് ബന്ധനം(attachment).''

ബാബ പറഞ്ഞു, ''ത്യാഗരാജന് രാഗമില്ലായിരുന്നു, മമത ഇല്ലായിരുന്നു, ഈണത്തിന്റെ രാഗം മാത്രം, അതിന്റെ സംഗീതവശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഒരു വൈരാഗിയാണ്. പക്ഷേ, അന്നമാചാര്യർക്ക്, മറ്റേ പ്രസിദ്ധനായ രചയിതാവിന്, കുറച്ചൊക്കെ

രാഗം, മമത ഒപ്പമുണ്ടായിരുന്നു, അദ്ദേഹത്തിന്റെ രാഗങ്ങൾ വളരെ പ്രസിദ്ധങ്ങളാണെങ്കിലും.''

''സ്വാമീ, ഈ രാഗം എന്ന ഒരൊറ്റ പദംകൊണ്ട് അവിടുന്ന് എന്തൊരു കളിയാണ് നടത്തുന്നത്! (*ചിരി*) രാഗവും മമത(attachment)യും ഒരേ സമയം ഉപയോഗിച്ച്! പ്രഭുവിനു മാത്രമേ ഇതു പറ്റൂ. എല്ലാവർക്കും ഇതു പറ്റില്ല.''

''സ്വാമീ, ത്യാഗരാജൻ ശ്രേഷ്ഠനാവുന്നത് അദ്ദേഹത്തിന്റെ വൈരാഗ്യം(detachment) കാരണമാണോ?''

സ്വാമി പറഞ്ഞു, ''അതു മാത്രമല്ല. അദ്ദേഹത്തിന്റെ എല്ലാ രചനകളും അദ്ദേഹത്തിന്റെ വൈയക്തികാനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ്. അദ്ദേഹത്തിന്റെ ഓരോ അനുഭവവും ഓരോ കൃതിയുടെ പിറവിക്ക് നിദാനമായിത്തീർന്നു. അക്കാരണത്താലാണ് അവ ഐതിഹാസിക പ്രസിദ്ധിയുള്ളത്, അദ്ഭുതപൂർവമായ മഹിമയുള്ളതായിത്തീർന്നത്. ഇക്കാരണത്താലാണ് ത്യാഗരാജൻ അത്രമേൽ ശ്രേഷ്ഠനാവുന്നത്.''

ഇപ്രകാരമാണ് ഭഗവാൻ അരുളിച്ചെയ്തത്.

## ''എല്ലാം ഒന്ന്''

''നേരം അതിക്രമിച്ചു എന്ന് എനിക്കറിയാം, സ്വാമീ. എനിക്ക് ഒരു ചോദ്യം കൂടി ഉണ്ട്. ആളുകൾ നിരവധി കാര്യങ്ങളെപ്പറ്റി സംസാരിക്കുന്നു-മനസ്സ്, ബുദ്ധി, ഈഗോ, ആന്തരേ



ന്ദ്രിയം, ഇങ്ങനെ. എവിടെയാണ് അതൊക്കെ? നിങ്ങൾ ശരീരം മുറിച്ചാൽ, എവിടെയാണ് ഈഗോ? നിങ്ങൾക്കതിനെ പരീക്ഷണശാലയിൽ കാണാനാവില്ല. ഓപ്പറേഷൻ തീയറ്ററിൽ, നിങ്ങൾ ശരീരം കീറിമുറിച്ചാൽ, എവിടെയാണ് ബുദ്ധി? നിങ്ങൾക്കത് കാണിച്ചുകൊടുക്കാനാവില്ല. മനസ്സ് എവിടെയാണ്? ഈഗോ എവിടെയാണ്? നിങ്ങൾക്കവ കാണിക്കാനാവില്ല. അവ എവിടെയാണ്? അവ എന്താണ്?"

ബാബ പറഞ്ഞു, "വാസ്തവത്തിൽ, എല്ലാം ഒന്നുതന്നെ. നിങ്ങൾ ചിന്തിക്കുമ്പോൾ, നിങ്ങളതിനെ മനസ്സ് എന്നു വിളിക്കുന്നു. നിങ്ങൾ തീരുമാനിക്കുമ്പോൾ, അത് ബുദ്ധി എന്ന് വിളിക്കപ്പെടുന്നു. നിങ്ങൾ അനുഭവിക്കുമ്പോൾ, അത് ചിത്തം എന്ന് അറിയപ്പെടുന്നു. 'ഇത് എന്റേതാണ്' എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ നിങ്ങളെത്തന്നെ 'ഞാൻ'എന്ന് പരിചയപ്പെടുത്തുമ്പോൾ, അത് ഈഗോ, അഹങ്കാരമാകുന്നു. അങ്ങനെ, അഹങ്കാരം എന്നത് ഈഗോ, മമകാരം(I-ness) ആകുന്നു. ചിത്തമെന്നത് ഭാവം(feeling), വികാരം(passion) ആകുന്നു. മനസ്സ് എന്നത് ചിന്തയാകുന്നു. ബുദ്ധി(intellect)യെന്നത് തീരുമാനമാകുന്നു(decision-making). എല്ലാം ഒന്നാകുന്നു. അവ വഹിക്കുന്ന ധർമ്മം അനുസരിച്ച്, അവയ്ക്ക് വ്യത്യസ്ത നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നു."

## "സ്വർഗരാജ്യം(KINGDOM OF HEAVEN) നിങ്ങളുടെ ഹൃദയത്തിലാണ്"

ഇനി ഞാൻ നിങ്ങളെ 2003 ആഗസ്റ്റ് 15-ലേക്ക് കൊണ്ടുപോവുകയാണ്. അത്, രാജ്യം മുഴുവനും ആഘോഷിക്കപ്പെടുന്ന ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായിരുന്നു.
കോളജിൽ, ഞങ്ങൾ ഞങ്ങളുടേതായ ചടങ്ങും പതാക ഉയർത്തലും മധുരവിതരണവും ഒക്കെ കഴിഞ്ഞ്, ഭഗവാന്റെ ദർശനത്തിനായി ഓടിച്ചെന്നു. ഞങ്ങൾ ചെന്നപ്പോഴേക്കും ദർശനം കഴിഞ്ഞുവെന്ന് ആളുകൾ പറഞ്ഞു. അത് ഇപ്പോഴും സംഭവിക്കുന്നതാണ്. ഞാനെന്തു ചെയ്യാൻ? പക്ഷേ സ്വാമി ഞങ്ങളെ നിരാശപ്പെടുത്തില്ലെന്ന് എങ്ങനെയോ എനിക്ക് ഉറപ്പായിരുന്നു. "ശരി, ദയവുചെയ്ത് നിങ്ങൾ ഇരിക്കൂ. നമുക്ക് നോക്കാം. ആരതി വരെ, സ്വാമി വരുമോ ഇല്ലയോ എന്ന് നമുക്ക് നോക്കാം." ദയവായി എന്നെ വിശ്വസിക്കൂ, സ്വാമി വന്നു!

എനിക്ക് അറിവിലും അനുഭവത്തിലും, സ്വാമി ഒരിക്കലും രാഷ്ട്രീയം പറയാറില്ല. അവിടുന്ന് ഏതെങ്കിലുമൊരു രാഷ്ട്രീയകക്ഷിയെ പിന്തുണയ്ക്കാറില്ല, എന്തുകൊണ്ടെന്നാൽ എല്ലാ രാഷ്ട്രീയനേതാക്കളും അവിടുത്തെ സമീപം എത്തുന്നു. എല്ലാവർക്കും അവിടുത്തെ അനുഗ്രഹം ആവശ്യമുണ്ട്; എല്ലാവരും അവിടുത്തെ കുട്ടികളാണ്. അതു

കൊണ്ട് റിപ്പബ്ലിക്കൻ പാർട്ടിയെന്നോ ഡെമോക്രാറ്റിക് പാർട്ടിയെന്നോ ഇല്ല. ഇരുവരും അവിടുത്തെ സന്തതികളാണ്. അതുകൊണ്ട് ഒരു പാർട്ടിക്കെതിരായി മറ്റൊരു പാർട്ടിയെ പിന്തുണയ്ക്കുക എന്നതില്ല. എന്റെ ഉത്തമമായ അറിവുവച്ച് സ്വാമി ഒരിക്കലും രാഷ്ട്രീയത്തെക്കുറിച്ച് സംസാരിക്കാറില്ല.

എന്നാൽ, വ്യക്തിപരമായി എനിക്ക് നിങ്ങളോട് പറയാനാവും, ഞാൻ എന്റെ ദിവസം ആരംഭിക്കുന്നത് പത്രവായനയിലാണ്. എന്റെ തല നിറയെ രാഷ്ട്രീയമാണ്. പത്രം വായി ക്കുന്ന ശീലക്കാരനാണ് ഞാൻ. അതെ, ഞാനത് അടിമുടി വായിക്കും, എല്ലായിടത്തും എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കുന്നതിനായി. എന്നിരുന്നാലും, ഞാൻ ഭഗവാനെ കുടുക്കാൻ ശ്രമിക്കുക യാണ്, നിരവധി പ്രാവശ്യം ഞാൻ അവിടുന്നിനെ ക്കൊണ്ട് രാഷ്ട്രീയം പറയി ക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്, രാഷ്ട്രീയത്തെക്കുറിച്ച് പരാമർശം നടത്തുന്നതിന് പ്രേരിപ്പിച്ചിട്ടുണ്ട്. ശരി, ഞാൻ ദയനീയമായി പരാ ജയപ്പെടുകയാണ് ഉണ്ടായി ട്ടുള്ളത്.



സ്വാതന്ത്ര്യദിന പ്രഭാഷണം-1985 ആഗ 15. കോളജ് ചത്വരം

അവിടുന്ന് ഇത്രമാത്രം പറയും, “ഉം..അതെയോ. ഹും...നല്ലത്, അതു ശരി.” അത്രമാത്രം. യാതൊരു പരാമർശവും ഉണ്ടാവില്ല.

“സ്വാമീ, ആ സംസ്ഥാനത്ത് ഇത് നടക്കുമോ?”

“ഓഹോ...നല്ലത്.”

“സ്വാമീ, ഇവിടെ അത് നടക്കുന്നല്ലോ.”

എന്റെ ലക്ഷ്യം വല്ലവിധേനയും അവിടുന്നിനെ കുടുക്കി, അവിടുന്നിന് ഈ വിഷയത്തിൽ പറയാനുള്ളതെന്ത് എന്ന് അറിയുകയാണ്. ഇല്ല. എന്തുകൊണ്ട്? ഭഗവാൻ ജനാധിപത്യ ത്തെപ്പറ്റി വ്യത്യസ്ത അർത്ഥത്തിലാണ് സംസാരിക്കുന്നത്. സമത്വം എന്നത് കേവലം വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലല്ല. അത് മാനവികതയുടെ സമത്വമാണ്. അത് മന

സ്സിന്റെ സമത്വമാണ്. ഭഗവാൻ ജനാധിപത്യത്തെപ്പറ്റി പരാമർശിക്കുന്നത് വികാരങ്ങളുടെയും ഭാവങ്ങളുടെയും പ്രത്യയശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിലാണ്. ഭഗവാൻ സ്വർഗരാജ്യ(Kingdom of heaven)ത്തെപ്പറ്റി പറയുന്നു. എവിടെയാണീ സ്വർഗരാജ്യം? അത് നമ്മുടെ ഹൃദയത്തിലാണ്.



“സ്വർഗരാജ്യം തേടുവിൻ, എല്ലാം നിങ്ങളെ തേടിവരും”, വിശുദ്ധ ബൈബിൾ പറയുന്നു. ഈ സ്വർഗരാജ്യം എവിടെയാണ്? നമ്മുടെ ഹൃദയത്തിലാണത്. “നിങ്ങൾ നിങ്ങളുടെ രാജ്യത്തിന്റെ രാജാവാകണ”മെന്ന് ഭഗവാൻ ആഗ്രഹിക്കുന്നു. പക്ഷേ നമ്മൾ അടിമകളാണ്. നാം ജനാധിപത്യം ആഗ്രഹിക്കുന്നു, എന്നാൽ നമുക്ക് തുല്യമനസ്കത ഇല്ല. നമുക്ക് സമത്വഭാവം ഇല്ല. ഇവയൊക്കെ രാഷ്ട്രീയലക്ഷ്യം വച്ചാണ്. അതുകൊണ്ട്, രാഷ്ട്രീയത്തെപ്പറ്റി ചോദ്യങ്ങൾ സമർപ്പിച്ചത് എന്റെ വിഡ്ഢിത്തമാണ്. എന്തായാലും, എനിക്കതിന് കഴിഞ്ഞില്ല.

## “ഗുരു ആകുന്നതിന് സ്വതന്ത്രനായിരിക്കുക”

എന്തായാലും ഞാൻ ചോദിച്ചു, “സ്വാമീ, ഈ നാടിന്റെ സ്വാതന്ത്ര്യത്തിനായി പോരാടിയ തിലകൻ, ബോസ് മുതലായ സ്വാതന്ത്ര്യസമര പോരാളികളെ അവിടുന്ന് ഇഷ്ടപ്പെടുന്നുവോ?”

ഇപ്പോൾ സ്വയം നിയന്ത്രിക്കാനായില്ല അവിടുന്നിന്. “അതെ. എന്തുകൊണ്ടില്ല, അനിൽകുമാർ, നിനക്കെന്താണ് വേണ്ടതെന്ന് എനിക്കറിയാം!” (*ചിരി*)

“ഇപ്പോൾ, ഞാനൊരു ലളിതമായ വാചകത്തിൽ നിങ്ങളോട് പറയാം: ‘independence (സ്വാതന്ത്ര്യം)’ എന്ന പദം മുറിക്കുക. in–dependence(ആശ്രിതത്വത്തിൽ). നിങ്ങൾ ആശ്രിതത്വത്തിലാണെങ്കിൽ, നിങ്ങൾ അടിമകളാണ്. നിങ്ങൾ സ്വതന്ത്രരാണെങ്കിൽ, നിങ്ങൾ ഒരു ഗുരു( You are a Master)വാകും.

അതുകൊണ്ട്, ഒരു മാസ്റ്റർ ആകുന്നതിനായി സ്വതന്ത്രരാവുക. പക്ഷേ നിങ്ങൾ ആശ്രിതത്വത്തിലാണെങ്കിൽ, നിങ്ങൾ അടിമകളാണ്.”

“സ്വാമീ, വളരെ നന്നായിട്ടുണ്ട്, വളരെ നന്നായിട്ടുണ്ട്. എനിക്ക് അങ്ങേയറ്റം സന്തോഷം തോന്നുന്നു.”

ഒരു ആശ്രിതനെന്ന നിലയ്ക്ക് നിങ്ങൾക്ക് ഓരോ കാര്യത്തിനും ഓരോ നിമിഷവും മറ്റുള്ള വരുടെ സഹായം പ്രതീക്ഷിക്കണം. അതിനാൽ, ഏതൊരു വ്യക്തിക്കും, ഏതൊരു സ്ഥാപ നത്തിനും, ഏതൊരു രാഷ്ട്രത്തിനും, സ്വാതന്ത്ര്യം പ്രധാനമത്രേ.

ശരി, അപ്പോഴും ഭജൻവേളയ്ക്കായി അഞ്ച് മിനിട്ടുകൂടി അവശേഷിക്കുന്നുണ്ടായിരുന്നു. മുൻശ്രമങ്ങളെല്ലാം പരാജയമടഞ്ഞ സ്ഥിതിക്ക്, എനിക്ക് ആശ്രിതത്വത്തെക്കുറിച്ചും സ്വാത ന്ത്ര്യത്തെക്കുറിച്ചും അവിടുന്നിൽനിന്നും ഒരൊറ്റ വാചകമാണ് ലഭിച്ചത്. ശരി.




പക്ഷേ അപ്പോഴും, “സ്വാമീ!”

“ഹും..എന്ത്?”

“ അവിടുത്തെ ചെറുപ്പകാലത്ത്, ഈ രാഷ്ട്രത്തെ പ്രശംസിച്ച് അവിടുന്ന് ഗാനങ്ങൾ രചി ച്ചിട്ടുള്ളതായി തോന്നുന്നു. അവിടുന്ന് നല്ല ചെറുപ്പത്തിൽത്തന്നെ ദേശഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ടല്ലോ.”

അവിടുന്ന് ആരാഞ്ഞു, “അതിനെന്താണ്?” (*ചിരി*)

“സ്വാമീ, അവിടുത്തേക്ക് അക്കാലത്ത് ഏക ദേശം എത്ര വയസ്സായിക്കാണും?”

നിങ്ങൾക്കറിയുമോ എന്താണ് ബാബ പറഞ്ഞതെന്ന്?

“അക്കാലത്ത് എന്റെ പ്രായമോ? എന്റെ ചെറുപ്പകാലത്ത് എന്നാണോ നീ പറഞ്ഞത്? എനിക്ക് എങ്ങനെ പറയാനാവും? ഞാൻ പ്രായരഹിതനാണ്. എനിക്കെങ്ങനെ എന്റെ വയസ്സ് പറയാനാവും? ഞാൻ നിത്യനാണ്.”

അവിടുന്നിനെ രാഷ്ട്രീയ മണ്ഡലത്തിലേക്ക് വലിച്ചുകൊണ്ടുവരാനായിരുന്നു എന്റെ ഉദ്ദേശ്യം എന്നിരിക്കിലും, അവിടുന്ന് എന്നെ ആദ്ധ്യാത്മിക ഔന്നത്യങ്ങളിലേക്ക് കൊണ്ടു പോവുകയാണുണ്ടായത്. അവിടുന്ന് സ്ഥലകാലങ്ങൾക്ക് അതീതനാണെന്ന് വെളിപ്പെടു ത്തിക്കൊണ്ട്, അവിടുന്ന് എന്നെ ആദ്ധ്യാത്മിക ഔന്നത്യങ്ങളിലേക്ക് കൊണ്ടുപോയി.

അതിനാൽ, സ്വാമിയുമൊത്തുള്ള സംഭാഷണം ആനന്ദം തരും എന്നു മാത്രമല്ല, വെളിപാട് കൂടിയാണ്, എന്നാൽ അതേ സമയം അത് സാഹസികവും വെല്ലുവിളി നിറഞ്ഞതുമാണ്. പക്ഷേ, ഈ സാഹസം ഏറ്റെടുക്കുന്നത് നല്ലതാണ്, എന്തുകൊണ്ടെന്നാൽ അന്തിമമായി നമുക്ക് അതുകൊണ്ട് പ്രയോജനം കിട്ടും.

ആഗസ്റ്റ് മാസത്തിൽ സംഭവിച്ചത് ഇത്രയൊക്കെയാണ്.

അനിൽകുമാർ പ്രഭാഷണം ‘ഗോവിന്ദ ഗോപാല ഹേ നന്ദലാലാ…’ എന്ന ഭജനയോടെ ഉപസംഹരിച്ചു.

*ഓം ശാന്തി: ശാന്തി: ശാന്തി:*

നിങ്ങൾക്ക് വളരെ നന്ദി. നാളെ വീണ്ടും ഇതേ സമയത്ത് നാം കാണും. ശുഭരാത്രി!

*സായിറാം!*

***ഹരി ഓം!***



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)